**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2749** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവിഭാഗക്കാരിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ വിഭാഗക്കാരിൽ പോഷകാഹാരക്കുറവ് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **ഉണ്ട്. പട്ടികവർഗ വികസന വകുപ്പിന്റെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുമ്പോൾ പട്ടികവർഗക്കാർക്കിടയിൽ പോഷക മൂല്യങ്ങൾ കുറവുള്ളതായും ആയതിന്റെ ഫലമായി ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനായി പോഷകാഹാരം വിതരണം ചെയ്യുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | **ഭക്ഷണത്തിലുള്ള പോഷകമൂല്യങ്ങൾ കുറയുന്നത് തടയാൻ വകുപ്പിന്റെ വിവിധ പ്രോജക്ട് ഓഫീസ്/ പട്ടികവർഗ വികസന ഓഫീസ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭക്ഷ്യസഹായ പദ്ധതി പ്രകാരം കോളനികളിൽ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുകയും, ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ഉണ്ടാകുന്ന അവപോഷണം പരിഹരിക്കുന്നതിനായി ജനനി-ജന്മരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ച് വരികയും ചെയ്യുന്നുണ്ട്.**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തി വരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ കോളനികളിൽ നൽകി വരുന്നുണ്ട്. പരിശോധനകളിൽ അവപോഷണം നേരിടുന്നവരിൽ ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചുനൽകുന്നു. കൂടാതെ ഈ വിഷയം ആരോഗ്യം, വനിതാ ശിശു വികസനം, തദ്ദേശ സ്വയംഭരണം, പൊതുവിതരണം** |

| | | | |
|---|---|---|---|
| | | | **എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനിതാ ശിശു വികസന വകുപ്പ് മുഖേന 6 വയസിന് താഴെയുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷ്യവസ്തുക്കൾ നൽകി വരുന്നുണ്ട്.**<br><br>**യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ പട്ടികവർഗ വികസന വകുപ്പിൽ നിയമിച്ചിരിക്കുന്ന ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റിന്റെ സേവനം ഇത്തരത്തിൽ പ്രശ്നങ്ങൾ നേരിടുന്ന പ്രത്യേക മേഖലയിലെ ആരോഗ്യ പോഷകകാര്യങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.**<br><br>**നിലവിലുള്ള സംവിധാനങ്ങൾ വഴി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.** |
| (സി) | പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും മറ്റെന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | **ഭക്ഷണത്തിലുള്ള പോഷകമൂല്യങ്ങൾ കുറയുന്നത് തടയാൻ വകുപ്പിന്റെ വിവിധ പ്രോജക്ട് ഓഫീസ്/ പട്ടികവർഗ വികസന ഓഫീസ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭക്ഷ്യസഹായ പദ്ധതി പ്രകാരം കോളനികളിൽ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുകയും, ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ഉണ്ടാകുന്ന അവപോഷണം പരിഹരിക്കുന്നതിനായി ജനനി-ജന്മരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ച് വരികയും ചെയ്യുന്നുണ്ട്.**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തി വരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ കോളനികളിൽ നൽകി വരുന്നുണ്ട്. പരിശോധനകളിൽ അവപോഷണം നേരിടുന്നവരിൽ ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചുനൽകുന്നു. കൂടാതെ ഈ വിഷയം ആരോഗ്യം, വനിതാ ശിശു വികസനം, തദ്ദേശ സ്വയംഭരണം, പൊതുവിതരണം എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനിതാ ശിശു വികസന വകുപ്പ് മുഖേന 6 വയസിന് താഴെയുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷ്യവസ്തുക്കൾ നൽകി വരുന്നുണ്ട്.** |

| | | | |
|---|---|---|---|
| | | | യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ പട്ടികവർഗ വികസന വകുപ്പിൽ നിയമിച്ചിരിക്കുന്ന ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റിന്റെ സേവനം ഇത്തരത്തിൽ പ്രശ്നങ്ങൾ നേരിടുന്ന പ്രത്യേക മേഖലയിലെ ആരോഗ്യ പോഷകകാര്യങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>നിലവിലുള്ള സംവിധാനങ്ങൾ വഴി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ